**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3935** | **31.01.2014-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നവീകരിക്കുന്നതിനും നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് ; | (എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചു. സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തി. പ്രവർത്തനം മോശമാകുന്ന സ്ഥാപനങ്ങളെ സർക്കാർ തലത്തിൽ വിശദമായ അവലോകനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയനുസരിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു, മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനായി നൂതന കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നു. വാണിജ്യ ഇടപാടുകൾ സുതാര്യവും, കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കി. E-portal വഴി ഉൽപന്നങ്ങളുടെ |

വിപണനത്തിനുവേണ്ടിയുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം 15 കോടി രൂപയുടെ അധിക ധനസഹായം ഉൾപ്പെടെ 182 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്.

Manu

**സെക്ഷൻ ഓഫീസർ**